**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 513** **05-10-2021 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തെ ട്രഷറികളുടെ ആധുനികവൽക്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എം രാജഗോപാലൻ** | | **Shri K N Balagopal**<br>**(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ട്രഷറികളുടെ സമൂലമായ ആധുനികവൽക്കരണം നടപ്പിലാക്കിയിട്ടുണ്ടോ; | (എ) | സംസ്ഥാനത്ത് ട്രഷറികളുടെ ആധുനികവൽക്കരണം നടപ്പിലാക്കിവരുന്നു. സംസ്ഥാനത്തെ ട്രഷറികളിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന നവീകരണ/ ആധുനികവൽക്കരണ നടപടികൾ പ്രധാനമായും 2 മേഖലകളിലായാണ് നടന്നുവരുന്നത്. അടിസ്ഥാന സൗകര്യ വികസനവും ധനകാര്യ ഇടപാടുകളുടെ ആധുനികവൽക്കരണവും. അടിസ്ഥാന സൗകര്യ വികസന പദ്ധതിയിൽപ്പെടുത്തി സ്വന്തമായി കെട്ടിടമില്ലാത്ത ട്രഷറികൾക്ക് പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനും, ജീർണ്ണാവസ്ഥയിലുള്ളവ പുതുക്കി പണിയുന്നതിനുമുള്ള നടപടികളാണ് കൈക്കൊണ്ടു വരുന്നത്. ട്രഷറി ആധുനികവൽക്കരണത്തിന്റെ ഭാഗമായി വകുപ്പിന്റെ വിവര വിനിമയ സാങ്കേതികവിദ്യയുടെ അടിസ്ഥാന തത്വങ്ങളായ കമ്പ്യൂട്ടർ സിസ്റ്റംസ്, സെർവറുകൾ, ഡാറ്റാ കണക്റ്റിവിറ്റി എന്നിവയും മെച്ചപ്പെടുത്തുന്നുണ്ട്. ഏത് സാഹചര്യത്തിലും തടസ്സമില്ലാതെ നെറ്റ് കണക്ഷൻ ലഭ്യമാക്കുവാൻ ലക്ഷ്യമിട്ട് ബി.എസ്.എൻ.എൽ -ൽ നിന്നും Rail.Tel.-ൽ നിന്നും രണ്ടു ഡാറ്റാ കം ലീസ്ഡ് കണക്ഷനുകൾ വകുപ്പിന് ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ ട്രഷറി ആധുനികവൽക്കരണത്തിന്റെ ഭാഗമായി റീപെയിന്റിംഗ്, ടോയിലറ്റ് നിർമ്മാണം, ടോയിലെറ്റ് നവീകരണം, ഫ്രണ്ട് ഓഫീസ് നിർമ്മാണം എന്നിവ ആവശ്യമുള്ള ട്രഷറികളിൽ ആയത് നിർവ്വഹിക്കുന്നതിനും ട്രഷറികൾക്കാവശ്യമായ കസേര, ഫാൻ എന്നിവ ലഭ്യമാക്കുന്നതിനും ഉള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ധനകാര്യ ഇടപാടുകളുടെ ആധുനികവൽക്കരണം ലക്ഷ്യമാക്കി ഒരു പുതിയ ധനകാര്യ മാനേജ്മെന്റ് സംവിധാനം (ഐ.എഫ്.എം.എസ് - സംയോജിത ധനകാര്യ മാനേജ്മെന്റ് സംവിധാനം) ട്രഷറി വകുപ്പിൽ ഏർപ്പെടുത്തിക്കഴിഞ്ഞു. വിവര സാങ്കേതിക വിദ്യയുടെ എല്ലാ സൗകര്യങ്ങളും പരമാവധി |

പ്രയോജനപ്പെടുത്തി ഏറ്റവും സുതാര്യവും കാര്യക്ഷമവുമായ സേവനം നൽകുന്ന മികച്ച ധനകാര്യ മാനേജ്മെന്റ് നടപ്പിലാക്കുക എന്നതാണ് IFMS ന്റെ ഉദ്ദേശ്യം. പുതിയ കാലത്തിന്റെ എല്ലാ മാറ്റങ്ങളും ഉൾക്കൊള്ളുന്ന രീതിയിലാണ് ട്രഷറികളുടെ ആധുനികവൽക്കരണ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിയിട്ടുള്ളത്. ഇ-ഗവേണൻസ് പരിപാടികളുടെ അന്തസത്ത ഉൾക്കൊള്ളുന്നതിലും കടലാസ് രഹിതവും പണരഹിതവുമായ ഓഫീസ് സംവിധാനത്തിലേയ്ക്ക് എത്തിച്ചേരുന്നതിനുമുള്ള മഹത്തായ കാൽവെയ്പ്പാണ് IFMS–ലൂടെ കൈവരിച്ചിട്ടുള്ളത്. സംസ്ഥാനത്തിന്റെ സാമ്പത്തിക കാര്യപരിപാലനം ഫലപ്രദമായി നിർവ്വഹിക്കുന്നതിനായി ധനവകുപ്പിന്റെ നേതൃത്വത്തിൽ അക്കൗണ്ടന്റ് ജനറൽ, റിസർവ് ബാങ്ക്, ഏജൻസി ബാങ്കുകൾ, മറ്റ് വകുപ്പുകൾ എന്നിങ്ങനെ സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക ഇടപാടുകളുമായി ബന്ധപ്പെട്ട് നിൽക്കുന്ന എല്ലാവരെയും സംയോജിതവും കേന്ദ്രീകൃതവുമായ നിർവ്വഹണ സംവിധാനത്തിന്റെ കീഴിൽ കൊണ്ടുവരികയെന്നതും IFMS–ന്റെ ലക്ഷ്യമാണ്. റവന്യൂ മാനേജ്മെന്റിന് വിവിധ ബാങ്കുകളെ ബന്ധിപ്പിച്ച ഇ-ട്രഷറി, ബില്ലുകൾ കേന്ദ്രീകൃതമായി പാസാക്കാനുള്ള Core TIS, ബജറ്റ് വിഹിതം നൽകാനും നിരീക്ഷിക്കാനും BAMS, ശമ്പളത്തിന് SPARK, മറ്റു ബില്ലുകൾക്ക് BIMS, കേന്ദ്രീകൃത പെൻഷൻ കാര്യങ്ങൾക്ക് PIMS, അക്കൗണ്ട് കാര്യങ്ങൾക്ക് IAMS, വെയ്സ് ആന്റ് മീൻസിന് WAMS, ഏതു ട്രഷറിയിൽ നിന്നും പണം പിൻവലിക്കാൻ കഴിയുന്ന CORE BANKING, മുദ്രപ്പത്രങ്ങളുടെയും സ്റ്റാമ്പുകളുടെയും വിതരണവും വിൽപ്പനയും മാനേജ് ചെയ്യുന്നതിനുള്ള CRA, സർക്കാർ സേവനങ്ങൾക്ക് വേണ്ടിയുള്ള ഫീസുകളും ചാർജ്ജുകളും സ്വീകരിക്കുന്നതിനായി ഇ-പോസ് മെഷീനുകൾ, ഇന്റർനെറ്റ് ബാങ്കിങ്, ട്രഷറി അക്കൗണ്ടുടമകൾക്ക് “Kerala TSB” എന്ന പേരിലും സംസ്ഥാന പെൻഷൻകാർക്ക് “Kerala Pension” എന്ന പേരിലും മൊബൈൽ ആപ്ളിക്കേഷൻ, സർക്കാർ ജീവനക്കാരുടെ ശമ്പള വിതരണത്തിനായി e-TSB അക്കൗണ്ട്, ട്രഷറി വകുപ്പിൽ ഒരു മെച്ചപ്പെട്ട ഇൻഫർമേഷൻ സെക്യൂരിറ്റി മാനേജ്മെന്റ് സിസ്റ്റം (ISMS) ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി ISO 27001 സർട്ടിഫിക്കേഷൻ സ്റ്റാൻഡേർഡ് നേടുന്നതിനുള്ള നടപടികൾ, പെൻഷൻ റിക്കോർഡുകളുടെ ഡിജിറ്റൈസേഷൻ എന്നിങ്ങനെ ആധുനികമായ വിവിധ സങ്കേതങ്ങൾ

| | | | |
|---|---|---|---|
| | | | ഉൾക്കൊണ്ടതാണ് IFMS. സർക്കാരിന്റെ ധന ഇടപാടുകൾ പൂർണ്ണമായും കടലാസുരഹിത മാക്കുന്നതിന്റെ ഭാഗമായി എല്ലാ വകുപ്പുകളിലേയും മാസ ശമ്പള ബില്ലുകൾ പൂർണ്ണമായും കടലാസ് രഹിതമാക്കിയിട്ടുണ്ട്. ഈ സാമ്പത്തിക വർഷം മെയ് മാസം മുതൽ ട്രഷറിയുടെ പ്രവർത്തനം പുതിയ സെൻട്രൽ സെർവർ മുഖേനയാണ്. |
| (ബി) | ട്രഷറികളിൽ എ ടി എം സംവിധാനം ഉൾപ്പെടെ നടപ്പിലാക്കാൻ നടപടികൾ സ്വീകരിക്കാമോ; | (ബി) | ട്രഷറികളോടനുബന്ധിച്ച് എ.ടി.എം. സൗകര്യം ഏർപ്പെടുത്താനുള്ള പദ്ധതി നിലവിൽ പരിഗണനയിലില്ല. വാണിജ്യ ബാങ്കുകളുമായി ചേർന്ന് എ.ടി.എം. സൗകര്യം ഏർപ്പെടുത്താൻ സർക്കാർ തീരുമാനിച്ച പദ്ധതി റിസർവ്വ് ബാങ്കിന്റെ അനുമതി ലഭിക്കാത്തതിനാൽ നാളിതുവരെയും നടപ്പിലാക്കാൻ സാധിച്ചിട്ടില്ല. |
| (സി) | ട്രഷറികളുടെ പ്രവർത്തനം സുഗമമാക്കുന്നതിന് ആധുനിക രീതിയിലുള്ള കെട്ടിടങ്ങൾ ഏതൊക്കെ ട്രഷറികൾക്ക് അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | (സി) | ഈ സർക്കാർ അധികാരമേറ്റ ശേഷം 36 ട്രഷറികളുടെ നിർമ്മാണത്തിനുള്ള 108 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഭരണാനുമതി ലഭിച്ച ട്രഷറി നിർമ്മാണങ്ങളിൽ 25 ട്രഷറികളുടെ നിർമ്മാണങ്ങൾക്ക് സാങ്കേതിക അനുമതി നൽകി നിർമ്മാണം പുരോഗമിക്കുകയാണ്. ട്രഷറി ആസ്ഥാന മന്ദിര നിർമ്മാണ പ്രവർത്തികൾ പുരോഗമിച്ചു വരികയാണ്. നിർമ്മാണം ആരംഭിച്ചിരുന്ന 25 ട്രഷറികളിൽ വടക്കഞ്ചേരി, മലയിൻകീഴ്, ശാസ്താംകോട്ട, കൊല്ലം സബ് ട്രഷറികളും കൊല്ലം പെൻഷൻ പേയ്മെന്റ് സബ് ട്രഷറിയും പുതിയ കെട്ടിടത്തിൽ പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. പുൽപ്പള്ളി, പീരുമേട് സബ് ട്രഷറികളുടെയും നിർമ്മാണം പൂർത്തിയായിക്കഴിഞ്ഞു. പഴയങ്ങാടി, ചാത്തന്നൂർ, പയ്യന്നൂർ, ചട്ടഞ്ചാൽ, കാസർഗോഡ് എന്നീ സബ് ട്രഷറികളുടെയും നിർമ്മാണം അന്തിമ ഘട്ടത്തിലാണ്. മാന്നാർ, പേരാവൂർ, അഗളി, മുതുകുളം, നോർത്ത് പറവൂർ, കൊല്ലങ്കോട്, പേരാമ്പ്ര, വർക്കല, ഇടവണ്ണ, നടവയൽ, മണ്ണാർക്കാട് സബ് ട്രഷറികളുടെയും നെടുങ്കണ്ടം സ്റ്റാമ്പ് ഡിപ്പോയുടെയും നിർമ്മാണ പ്രവർത്തികൾ വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുകയാണ്. പുതിയ കെട്ടിട നിർമ്മാണത്തിന് ഭരണാനുമതി ലഭ്യമായിട്ടുള്ള നിലമ്പൂർ, മാലക്കല്ല്, പള്ളിക്കത്തോട്, ശ്രീകണ്ഠാപുരം എന്നീ സബ് ട്രഷറികളുടെ നിർമ്മാണ പ്രവൃത്തികൾക്കായി അക്രഡിറ്റഡ് ഏജൻസികളെ കണ്ടെത്തുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. കല്ലൂർക്കാട്, പെരിന്തൽമണ്ണ, ഇടക്കര, വടകര, ചെറുപുഴ, എടത്വ, മുണ്ടക്കയം, ഫെറോക്ക്, തൃശ്ശൂർ മെഡിക്കൽ കോളേജ് ട്രഷറികളും പഴയ |

| | | | |
|---|---|---|---|
| | | | കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഹോസ്ദുർഗ്ഗ് സബ് ട്രഷറിയും ഉൾപ്പെടെ 10 ട്രഷറികൾക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് തീരുമാനമായിട്ടുള്ളതും DPR തയ്യാറാക്കുന്നതുൾപ്പെടെയുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുള്ളതുമാണ്. കൊട്ടാരക്കര, ഇരിഞ്ഞാലക്കുട ജില്ലാ ട്രഷറികളും നെടുമങ്ങാട്, കൊട്ടാരക്കര, മുകുന്ദപുരം, ചവറ, കുണ്ടറ, പൊൻകുന്നം, നൂറനാട്, ഹരിപ്പാട്, വികാസ് ഭവൻ, കോലഞ്ചേരി എന്നീ സബ് ട്രഷറികളും ഫർണിഷിംഗ് പ്രവൃത്തികൾ പൂർത്തിയാക്കി എല്ലാ സൗകര്യങ്ങളോടും കൂടിയ പുതിയ കെട്ടിടങ്ങളിലേക്ക് മാറുകയുണ്ടായി. കോഴിക്കോട് ജില്ലയിൽ കുന്ദമംഗലത്ത് പുതിയ സബ് ട്രഷറി പ്രവർത്തനമാരംഭിച്ചു. പൊതുമരാമത്ത് വകുപ്പ് ഫണ്ടിൽ നിന്നുമായി മട്ടന്നൂർ, ചെർപ്പുളശ്ശേരി എന്നീ ജില്ലാ ട്രഷറികളുടെയും സിവിൽ സ്റ്റേഷനുകളിൽ വെള്ളനാട്, റാന്നി പെരുനാട്, കടുത്തുരുത്തി ട്രഷറികളുടെയും പുതിയ കെട്ടിട നിർമ്മാണ നടപടികൾ പുരോഗമിച്ചു വരികയാണ്. കൂടാതെ സിവിൽ സ്റ്റേഷനിൽ കെട്ടിടം അനുവദിച്ചു കിട്ടിയ മുളന്തുരുത്തി സബ് ട്രഷറി കെട്ടിടത്തിന്റെ ഫർണിഷിംഗ് പ്രവൃത്തികൾ പൂർത്തിയായിട്ടുള്ളതും ഉദ്ഘാടനത്തിന് സജ്ജമായിട്ടുള്ളതുമാണ്. തിരഞ്ഞെടുക്കപ്പെട്ട 15 ട്രഷറികളെ മോഡൽ ട്രഷറികളായി ഉയർത്തുന്നതിനായി അവയുടെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ